

## ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

നടുവട്ടം വി.എച്ച്.എസ്സ്.എസ്സ്

നടുവട്ടം പി.ഒ, പള്ളിപ്പാട്

# പ്രകൃതിസ്പർശം

**എന്റെ സ്കൂളിനൊരു ഡിജിറ്റൽ മാഗസിൻ (2018-2019)**

little KITEs

# സന്ദേശം






*സി.എസ്.ഗീതാകുമാരി*

*പ്രഥമാധ്യാപിക*

നടുവട്ടം വി.എച്ച്.എസ്സ്.എസ്സ്

**ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥിക്ക് പരിശീലനകാലയളവിൽ സാങ്കേതികരംഗത്തെ വൈവിധ്യമാർന്ന മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ സ്വായത്തമാക്കാനുതകുന്ന പരിശീലനപ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരം ലഭിക്കുന്നു.**

**ഇന്ന് ലോകത്തെ ഏതാണ്ടെല്ലാ ഭാഷകളിലും കമ്പ്യൂട്ടർ ഉപയോഗിക്കാൻ സാധിക്കും. മലയാളം ടൈപ്പിംഗിന്റെ പ്രാധാന്യം ഉൾക്കൊണ്ട് നമ്മുടെ സ്കൂളിലെ *ലിറ്റിൽ കൈറ്റ്സ്* അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിനാണ് പ്രകൃതിസ്പർശം. ഈ ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.**

**സി.എസ് .ഗീതാകുമാരി**

# ആമുഖം

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണ് എന്ന് നാം തിരിച്ചറിയണം. സാങ്കേതിക വിദ്യയോടുള്ള ആഭിമുഖ്യം ഗുണകരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി നടുവട്ടം.വി.എച്ച്.എസ്സ്.എസ്സിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ആവിഷ്കരിച്ച പദ്ധതിയാണ് "പ്രകൃതി സ്പർശം" എന്ന ഡിജിറ്റൽ മാഗസിൻ .

മലയാളം ടൈപ്പിങ്ങിന്റെ പ്രാധാന്യം ഉൾക്കൊണ്ട് നിർമ്മിച്ചതാണ് ഈ ഇ-മാഗസിൻ . നമ്മുടെ സ്കൂളിലെ സാങ്കേതികവും സാഹിത്യപരവുമായ അഭിരുചികളുള്ള വിദ്യാർത്ഥികളുടെ കൂട്ടായ പരിശ്രമഫലമാണ് "പ്രകൃതി സ്പർശം" . കൂടുതൽ സൗകര്യങ്ങളുള്ള സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ഡോക്യുമെന്റുകളും പുസ്തകങ്ങളും തയ്യാറാക്കാനുള്ള പരിശീലനത്തിന്റെ അടിത്തറയായി മാറട്ടെ ഈ സംരംഭം..............................

# പത്രാധിപ സമിതി

| | |
|---|---|
| ചീഫ് എഡിറ്റർ | ഗൗതമി.ജി |
| ഇൻസ്ക്രിപ്റ്റ് കീബോർഡ് | അലൻ ബാബു |
| | ഗൗതമി.ജി |
| | ഗായത്രി.ആർ |
| | ദേവിക.ജി.എൻ |
| | പ്രജിത്ത് .പി |
| | ദേവികാ കൃഷ്ണൻ |
| | കൃഷ്ണ.ആർ |
| | അർജ്ജുൻ ബാബു |
| | അശ്വിൻ.എസ് |
| | അശ്വിൻ.എസ്.നായർ |
| | ജാസ്മിൻ ജോയ് |
| ക്യാമറ | സുബി.എസ് |
| | സോന സാബു |
| | ശ്രീഷ്മ.എം |
| | ഗൗതമി .ജി |
| ഡിജിറ്റൽ പെയിന്റിംഗ് | ദേവിക.വി.പിള്ള |
| കവർ പേജ് | ജിഷ്ണ മാധവ് |


## ഉള്ളടക്കം

എന്റെ ഗുരുനാഥൻ....4
ആരാച്ചാർ'- പെൺകരുത്തിന്റെ വായനാനുഭവം....5
തോരാമഴയത്ത്....10
നന്മതൻ മുഖമേത്?.... 11
ആറ്റൂർ കവിതകൾ....12
പുതിയ രോഗങ്ങളുടെ ഭീഷണി....14
കേരളം....16
സമയമെന്നസമ്പത്ത്....17
സൗന്ദര്യ പുടവചാർത്തി പ്രകൃതി....19
ഗാന്ധിസ്മരണ....21
ഇനി എന്ത്???....23
കല്ലറകൾ....25
പ്രകൃതി....28
എന്റെ ടീച്ചർ....30
വാത്സല്യം....32
കന്യാകുമാരി എന്ന വിസ്മയ ഭൂമി....34
അൽഷിമേഴ്സ് രോഗം....36
ഭൂമി....40
വിദ്യാഭ്യാസവും സ്വഭാവരൂപീകരണവും....41
ഭൂമിയിലെ സ്വർഗ്ഗം....44
നിലാ രജനി....46
സ്വർഗ്ഗം....47
സൗഹൃദം....49
മാഗസിൻ നിർമാണം-ദൃശ്യങ്ങളിലൂടെ....50
ജീവിതദർശനം....51
അഭിനന്ദനങ്ങൾ....52
അതിജീവനം....54
പദശേഖരം....55

ഗുരുപൂജ

# എന്റെ ഗുരുനാഥൻ

റീനജോർജ്ജ്[1]






ഗുരുവിൻ തൻ സ്നേഹം പകർന്നു നൽകും
ഗുരുവിനെ പൂജിച്ചു നിൽക്കും ഞങ്ങൾ
ആദ്യാക്ഷരങ്ങൾ ഓതിത്തരുന്ന എൻ
ഗുരുവിനെ പൂജിക്കും ഞങ്ങൾ
( ഗുരുവിൻ തൻ )

അമ്മയായി അച്ഛനായി എല്ലാം എൻ ഗുരുവും
എല്ലാം അറിഞ്ഞു ചിരിക്കും മുഖവും
നിറ പുഞ്ചിരിയുമായി അരികിൽ വന്നെത്തുമ്പോൾ
പകർന്നിടും സ്നേഹത്തിൻ രൂപഭാവം
( ഗുരുവിൻ തൻ )

1പത്താംക്ളാസ്സ്(സി) വിദ്യാർത്ഥിനിയായ റീന പ്രാർത്ഥനാഗാനങ്ങൾ രചിക്കാൻ ഇഷ്ടപ്പെടുന്നു.

പുസ്തകാസ്വാദനം

# ആരാച്ചാർ - പെൺകരുത്തിന്റെ വായനാനുഭവം

## സാന്ദ്ര.ആർ[2]

**സമകാലിക മലയാളത്തിൽ ഏറ്റവും മികച്ച നോവലുകളിൽ ഒന്നാണ് *'ആരാച്ചാർ'*. ചരിത്രവും , മിത്തും ഭൂതകാലത്തെ എന്നപോലെ വർത്തമാനകാലത്തേയും പ്രശ്നവൽക്കരിക്കുന്നതിന്റെ ഭാവനഭൂപടമാണ് ഈ കൃതി. ബംഗാളീനോവലുകളുടെ ഭൂമിശാസ്ത്രം മാത്രമല്ല ഭാഷാജീവിതസംസ്കാരങ്ങളും അസ്ഥിവരെ തുളഞ്ഞിറങ്ങിയ മഹത്തായ ഒരു സൃഷ്ടിയാണ് കെ.ആർ.മീരയുടെ 'ആരാച്ചാർ'.**


2 സാന്ദ്ര .ആർ -പത്ത്(ബി) . ആഴത്തിലുള്ള വായന ശീലമാക്കിയ ഈ വിദ്യാർത്ഥിനി ഒരു നല്ല നർത്തകിയുമാണ്. സബ്ജില്ലാ കലോൽസവത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച തിരുവാതിര ടീമിൽ അംഗമായിട്ടുണ്ട്.

നാന്നൂറ്റിഅമ്പത്തൊന്നു പേരെ തൂക്കിലേറ്റിയ കൊൽക്കത്തയിലെ ആരാച്ചാർ ഫണിഭൂഷൺ ഗ്രൃദ്ധമല്ലിക്കിന്റെയും മകൾ ചേതനയുടെ കഥയാണ് ഈ നോവൽ. ചേതനയെ ലോകത്തെ ആദ്യവനിത ആരാച്ചാരാക്കിമാറ്റി തന്റെ ചാനലിന്റെ റേറ്റിംഗ് ഉയർത്താൻ ശ്രമിക്കുന്ന റിപ്പോർട്ടർ സഞ്ജീവ് കുമാർ മിശ്രയാണ് നോവലിലെ മറ്റൊരു പ്രധാനകഥാപാത്രം. കൊൽക്കത്തയുടെ മനസാക്ഷി എന്നപോലെ ജീവിക്കുന്ന പത്രാധിപർ മനോബേന്ദ്ര ബോസ്സ് , അരയ്ക്കുമുകളിൽ മാത്രം ശരീരവും ജീവിതവും ഉള്ള ചേതനയുടെ സഹോദരൻ രാമുദാ, തൂക്കിലേറ്റാൻ വിധിക്കപ്പെട്ട യതീന്ദ്രനാഥബാനർജി എന്നിങ്ങനെ നിരവധി കഥാപാത്രങ്ങൾ സങ്കീർണമായ ജീവിതത്തിന്റെ ഭിന്നമുഖങ്ങളെ നമുക്ക് കാട്ടിത്തരുന്നു .

1943- ലെ തീക്ഷണമായ ബംഗാളിലെ പട്ടിണിയുടെ വന്യവും ദൈന്യവുമായ മുഖം നിരവധി പേജുകളിലൂടെ ഈ നോവൽ അനാവരണം ചെയ്യുന്നു. ചരിത്രവും, യാഥാർത്ഥ്യവും വേർതിരിച്ചറിയാനാവാതെ വായനക്കാരനെ ഭ്രമിപ്പിക്കുന്ന ഈ നോവലിന്റെ രചനാശൈലി മലയാളസാഹിത്യത്തിന്റെ വളർച്ചയുടെ ചൂണ്ടുപലകയാണ്. സ്ത്രീപക്ഷരചനകൾ പൊതുവേ മുന്നോട്ടുവയ്ക്കുന്ന പതിവുതലംവിട്ട് ഈ കൃതി ചരിത്രത്തിന്റേയും രാഷ്ട്രീയത്തിന്റേയും അടിത്തറ സൃഷ്ടിക്കുന്നു. ഒരുപക്ഷെ മലയാളസാഹിത്യത്തിൽ ഇന്നേവരെ സൃഷ്ടിക്കപ്പെട്ട സ്ത്രീകഥാപാത്രങ്ങളിൽവെച്ച് ഏറ്റവും ശ്രദ്ധേയയായിരിക്കും ചേതന. കുമാർതുളിയിലെ കളിമണ്ണ് കുഴച്ചുണ്ടാക്കിയ ദുർഗ്ഗാവിഗ്രഹങ്ങളിലെ സ്ത്രീശക്തിയുടെ ജീവനുള്ള രൂപമായി ചേതന അനുവാചകർക്കനുഭവപ്പെടുന്നു. എങ്കിലും കുടുംബചരിത്രങ്ങളും പൂർവികബന്ധങ്ങളും പരാമർശിക്കപ്പെടുന്ന

വേളകളിൽ സുദീർഘമായ ആവർത്തന സ്വഭാവം ചിലപ്പോഴൊക്കെ വായനക്കാരെ ക്ഷീണിപ്പിക്കുക തന്നെ ചെയ്യും. നോവലിന്റെ അവസാനഭാഗങ്ങളിൽ നോവലിസ്റ്റ് കാട്ടുന്ന തിടുക്കം ചിലകഥാസന്ദർഭങ്ങളെ ടീവി സീരിയലുകൾ പോലെ തരംതാഴ്ത്തുന്നതായി തോന്നുന്നുണ്ട്.

എങ്കിലും പരിമിതികളെ അതിജീവിച്ചുകൊണ്ട് ഈ നോവൽ സ്ത്രീശക്തിയുടെ കരുത്ത് ഉയർത്തിക്കാട്ടുന്നു . ചരിത്രത്തിന്റെയും ലിംഗരീതിയുടെയും ഇടനാഴികളിലൂടെ അനുവാചകനെ നയിച്ച് ഉദ്വേഗത്തിന്റെയും വിഭ്രമാത്മകതയുടെയും രചനാശൈലി കാട്ടിത്തരുന്ന ഈ മികച്ച കലാസൃഷ്ടി അദ്ഭുതപൂർവ്വമായ ഒരു വായനാനുഭവമാണ് സമ്മാനിക്കുന്നത്.



# നന്മതൻമുഖമേത്
# തിന്മതൻമുഖമേത് ?



ദേവിക കൃഷ്ണൻ. ആർ[3]

മാരിതൻ ദൂതനാം മാരുതാ ചൊല്ലുനീ ,
നന്മതൻ മുഖമേത് , തിന്മതൻ മുഖമേത്
നിൻ മൃദു നിശ്വാസമെന്നുമാ വല്ലികാ-
തോരണത്തുണ്ടുകൾക്കാമോദ നർത്തനം.
എങ്കിലോ നിൻക്രോധസീൽക്കാരം പൃഥ്വിയിൽ7
ശ്രുവിതമായിവന്നൊരു വിഷധാരപോൽ

പ്രഭാതസായങ്ങളിൽ ധരണിയെ സ്വർണ്ണമാ-
മാഴിയിൽ മുക്കുന്ന മാർത്താണ്ഡാ ചൊല്ലു നീ.
നന്മതൻ മുഖമേത് , തിന്മതൻ മുഖമേത് ,
മാരിവിൽ ജന്യമാകുന്നൊരാ നിൻ രശ്മി
ഏകുന്നു പൃഥ്വിയിൽ ജീവന്റെ പുതുവർണ്ണം
എങ്കിലോ നിൻ കഠോരമാം വെയിൽ നാളമെന്നു-
മീ ഭൂമിയെ നീറ്റുന്നു പൊള്ളലിൻ കൈതവക്കയമേകി

ധാരയിൽ കുളിരല ധാരയായി വന്നങ്ങുകൈതവ-
ച്ചാലിനെ കഴുകി കുളിർപ്പിക്കും , ഭൂമിയിൽ മൃതിതന്റെ
കരിനിഴൽപ്പാടിനെ പീയുഷ ധാരയാൽ പുതുജീവനാ-

3 ഒൻപതാം ക്ലാസ്സ് (ബി) വിദ്യാർത്ഥിനിയായ ദേവിക ലിറ്റിൽ കൈറ്റ് അംഗവും സബ്ജില്ലാ കലോൽസവത്തിൽ തിരുവാതിര മത്സരത്തിൽ പങ്കെടുത്തിട്ടുണ്ട്.



ക്കിടും ജീവപ്രദായിനിയാം ജലമെങ്കിലും നിൻ -
ക്രോധ നർത്തനം ഭൂമിയിൽ തുടികൊട്ടിയുയരുന്നു .
നടരാജ താണ്ഡവം , സർവ്വ നാശത്തിന്റെ ആർത്ത
നാദങ്ങൾ തൻ തിരയായി പ്രളയം.

മനുഷ്യന്റെ പുരുഷാരതാഴ്വാരങ്ങളിലെന്നുമുയരുന്ന
ഇതുപോലെ ഘോരമാം അശരീരി-
''നന്മതിന്മാതികൾ പൂത്തുലഞ്ഞീടുന്ന മനുജന്റെ,
വാടിയിൽ നന്മതൻ മുഖമേത് തിന്മതൻ മുഖമേത്''?

കഥ

# തോരാമഴയത്ത്



സ്നേഹ.പി[4]

പതിവിനു വിപരീതമായി നേരം വൈകിയതിനാൽ സ്കൂളിലേക്കുള്ള വഴിയിൽ ഒറ്റയ്ക്കായ പെൺകുട്ടി സ്കൂൾ സഞ്ചി മുതുകത്ത് തൂക്കിയിട്ട് ചുവന്ന നിറമുള്ള കുട തുറന്ന് പിടിച്ച് മഴയിലൂടെ ഓടിയും നടന്നും കുന്ന് കയറുമ്പോൾ വഴിവക്കിലെ ഒരു മുൾപടർപ്പിന്റെ മറവിൽ നിന്ന് പ്രാകൃതനായ ഒരാൾ അവളുടെ മുന്നിലേക്ക് ചാടിവീണു. ഒച്ചയുണ്ടാക്കിയാൽ കൊന്നുകളയുമെന്ന് അയാൾ പറഞ്ഞു .പനിപിടിച്ചതുപോലെ അവൾ വിറയ്ക്കുന്നുണ്ടായിരുന്നു . കൈയിൽ അറ്റം കൂർത്തൊരു കല്ല് . പെൺകുട്ടി അന്ധാളിച്ചു നിന്നു . അയാൾ വലതുകൈയിലെ കല്ല് അവളുടെ നേരെ ഉയർത്തി . കല്ലിന്റെ കൂർത്ത മുനയിൽ അവളുടെ കണ്ണ് ഉടക്കി . അവർക്കിടയിൽ മഴ ചെരിഞ്ഞു പെയ്തു. 'നിന്റെ ചോറ്റുപാത്രമെവിടെ ? ' അയാൾ വ്യഗ്രതയോടെ ചോദിച്ചു.

പെൺകുട്ടി പറയാൻ ശബ്ദം കിട്ടാതെ വിങ്ങലോടെ തന്റെ മുതുകത്തുള്ള സഞ്ചി ചൂണ്ടികാട്ടി. "ഉം , എടുക്ക്" . അയാൾ അവളെ ഭയപ്പെടുത്തുവാൻ ഉദ്ദേശിച്ച് വലതുകൈ ചലിപ്പിച്ചു.

കനലുകളെരിയുന്ന അയാളുടെ മുഖത്തു നിന്ന് കണ്ണെടുക്കാൻ

4 എട്ട് (ഡി )യിൽ പഠിക്കുന്ന സ്നേഹയുടെ ഹോബികൾ കഥ,കവിതാരചന, കവിതാലാപനം ഇവയാണ്.

ധൈര്യപ്പെടാതെ അവൾ സഞ്ചി കൈയിലെടുത്തു . അതിനുള്ളിൽ ഒരു മഞ്ഞ പോളിത്തീൻ കവറിൽ പൊതിഞ്ഞുവച്ചിരിക്കുന്ന ചോറ്റുപാത്രം .അത് അവൾ പുറത്തെടുത്തപ്പോൾ അയാളുടെ കണ്ണുകളിൽ ഒരു തിളക്കം. അയാളെ ഉറ്റുനോക്കി കൊണ്ട് അവൾ പാത്രം കൈമാറി. 'ഉം, പൊയ്ക്കോ പക്ഷെ വഴിയിലാരോടും പറയരുത് '. പെൺകുട്ടി ഇല്ലെന്ന് പറഞ്ഞു .പിന്നെ അവൾ പതുക്കെ നടന്നു തുടങ്ങി. അയാൾ ധൃതിയിൽ മുൾപ്പടർപ്പിനപ്പുറത്തേക്ക് നീങ്ങി. മഴ തുടർന്നു.

ഉണക്കമീൻ കറിയൊഴിച്ച് ചോറ് തിന്നുതീരാറായപ്പോഴാണ് ആരോ തന്നെ ശ്രദ്ധിക്കുന്നുണ്ടെന്ന് അയാൾ മനസ്സിലാക്കിയത്. വന്യമൃഗത്തെപ്പൊലെ അയാൾ തെല്ല് പിറകോട്ട് പതുങ്ങി. 'ഞാനാ....' പെൺകുട്ടി മുൾപ്പടർപ്പിന്റെ ഒരരികിൽ നിന്ന് പറഞ്ഞു. വായിലിട്ട ചോറ് ചവച്ചരയ്ക്കാനാവാതെ ഒട്ടൊരു സ്തബ്ദതയോടെ അയാൾ അവളെ നോക്കി. 'ചോറ്റുപാത്രത്തിനാ...... അതുകൊണ്ടുപോയില്ലെങ്കിൽ തല്ല് കിട്ടും' പെൺക്കുട്ടി പറഞ്ഞു .ചോറ്റുപാത്രം അയാൾ അവൾക്ക് നേരേനീട്ടി .അവൾ പറഞ്ഞു," മുഴുവൻ കഴിച്ചതിന് ശേഷം തന്നാൽ മതി ".അയാൾ ആ ചോറ്റുപാത്രം അവളുടെ കൈയിലേക്ക് ബലമായി പിടിച്ചേൽപ്പിച്ചു. അയാൾ ആ മുൾപ്പടർപ്പിലേക്ക് ഓടി അകന്നു. അപ്പോഴും മഴപെയ്യുന്നുണ്ടായിരുന്നു.



ലേഖനം

# ആറ്റൂർ കവിതകൾ



## ഗൗതമി . ജി[5]

*ആറ്റിക്കുറുക്കിയകവിതകളാണ് ആറ്റൂർരവിവർമ്മയുടേത്. എഴുപതു വർഷത്തിലധികം നീണ്ട കാവ്യസപര്യ . ഏറ്റവും കുറഞ്ഞ വാക്കുകളിൽ വലിയ പ്രപഞ്ചത്തെ പ്രകാശിപ്പിക്കുന്നവനാണ് കവി എന്ന വാക്യം ആറ്റൂരിനെക്കുറിച്ച് അർഥപൂർണമാണ് .കമ്പരാമായണം മലയാളത്തിലേക്ക് വിവർത്തനം ചെയ്തുകൊണ്ടിരിക്കുകയാണ് എൺപത്തിയേഴുകാരനായ കവി.*

*'തമിഴ് സാഹിത്യവുമായി അടുപ്പം ഉണ്ടാവുന്നത് എങ്ങനെയാണ്?'*

*" തമിഴ് പഠിച്ചത് സംഗീതത്തിലുള്ള താത്പര്യം മൂലമാണ്.*

*കർണ്ണാടക സംഗീതത്തിലെ പാട്ടുകളെല്ലാം തെലുങ്കിലോ*

*തമിഴിലോ ആയിരിക്കും . പാട്ടുകൾ കേട്ടും വരികൾ വായിച്ചും തമിഴ് പഠിച്ചു .*

*അങ്ങനെ തമിഴ് സാഹിത്യവും വായിക്കാൻ തുടങ്ങി ."*

*'കവിതയുടെ വൃത്തത്തെയും താളത്തെയും കുറിച്ച് താങ്കളുടെ കാഴ്ചപ്പാട് എന്താണ്? '*


*"വൃത്തം എന്നത് പാട്ടിനോട് അടുപ്പമുള്ള കാര്യമാണ് .താളം ഭാഷയ്ക്ക് അനിവാര്യമാണ്. താളം എന്നത് ബോധപൂർവ്വം ഉണ്ടാക്കുന്നതല്ല , നമ്മുടെ*

5 9A യിലെ വിദ്യാർത്ഥിനിയായ ഗൗതമി ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലെ സജീവ പ്രവർത്തകയാണ്.

ഭാഷയുള്ളതാണ്."

'നാസ്തികനാണോ ..?'

"നാസ്തികനാണെന്ന് പറയാം. പക്ഷ, സാംസ്കാരികമായി ഒരു നാസ്തികനല്ല. ഭാരതീയ സംസ്കാരത്തെ അറിയാനുള്ള യാത്രകൾ ഏറെ നടത്തിയിട്ടുണ്ട്. ഭാര്യയ്ക്കൊപ്പം ഹിമാലയത്തിൽ പോയി. ഭാരതീയ സംസ്കാരത്തെ പിൻതുടരാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ യാത്രകൾ."




ശാസ്ത്രലേഖനം

# പുതിയ രോഗങ്ങളുടെ ഭീഷണി

ഗൗതമി . ജി

രോഗങ്ങൾ എന്നും മനുഷ്യനു ഭീഷിണിയാണ്. ചികിത്സാരീതികളിലൂടെ രോഗങ്ങളിൽനിന്നും രക്ഷനേടുവാൻ മനുഷ്യർ സാമർത്ഥ്യം നേടിയിട്ടുണ്ട് .മനുഷ്യന്റെ ഈ സാമർത്ഥ്യത്തെയും വെല്ലുവിളിച്ചുകൊണ്ട് പുതിയ രോഗങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു.



അടുത്തകാലം വരെ ഏറ്റവും ഭീകരമായി കരുതിയ രോഗമാണ് ക്യാൻസർ. പുകവലി, മദ്യപാനം, അന്തരീക്ഷ മലിനീകരണം, അണുബാധ , റേഡിയേഷൻ തുടങ്ങിയവ ഇതിനു കാരണമായി പറയപ്പെടുന്നു.


അടുത്തകാലത്ത് ഭീഷണി ഉയർത്തിയ രോഗങ്ങളാണ് എലിപ്പനി, ഡെങ്കിപ്പനി , ചിക്കൻഗുനിയ എന്നിവ. ഇക്കൂട്ടത്തിൽ ആദ്യം പ്രത്യക്ഷപ്പെട്ടത് എലിപ്പനിയാണ്. പേരു വിസർജ്യത്തിൽ കൂടിയാണ് ഇത് പകരുന്നത് . കണ്ണ്, മൂക്ക്, വായ് എന്നിവയിലെ മൃദുലചർമ്മത്തിൽ കൂടിയും ശരീരത്തിലെ മുറിവുകളിൽ കൂടിയുമാണ് ഇതിന്റെ അണുക്കൾ വ്യാപിക്കുന്നത്.

എലി നശീകരണമാണ് ഈ രോഗം തടയാനുള്ള പ്രധാനമാർഗ്ഗം. മലിന ജലത്തിൽ പണിയെടുക്കാതിരിക്കുക, മുറിവുകൾ വൃത്തിയായി കഴുകി ഡ്രസ്സ് ചെയ്ത് സൂക്ഷിക്കുക , വളർത്തു മൃഗങ്ങളുമായി കൂടുതൽ അടുത്ത് ഇടപ്പെടാതിരിക്കുക തുടങ്ങിയ കാര്യങ്ങൾ ഈ രോഗം വരാതിരിക്കാനുള്ള മുൻ കരുതലുകളാണ്.

പരിസരശുചീകരണം ശ്രദ്ധിച്ചാൽ തന്നെ ഒട്ടനവധി രോഗങ്ങളെ നമ്മുക്ക് എതിർക്കാനാകും. രോഗങ്ങൾ പകരാതിരിക്കാൻ വ്യാപാരകേന്ദ്രങ്ങൾ, ബസ് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ തുടങ്ങി ആളുകൾ കൂടുന്ന പൊതുസ്ഥലങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി

നിൽക്കുന്നതും നല്ലതാണ്. രോഗബാധിതർ വീട്ടിൽ തന്നെ നിൽക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

മാനവരാശിയെ നശിപ്പിക്കുന്ന പുതിയ പകർച്ച വ്യാധികൾക്കെതിരെ എല്ലാ രാജ്യങ്ങളും ലോകാരോഗ്യ സംഘടനയും ജാഗരൂകരായിരിക്കേണ്ടത് അത്യാവശ്യമാണ്. അത് സർവ്വനാശത്തിനു കാരണമാകും.




കവിത

# കേരളം

## ദേവിക കൃഷ്ണൻ[6]





ഹരിതത്താൽ ചാലിച്ച് എഴുതിയ
മിഴികൾ-
ക്കൊണ്ടതിലോലം സകലതും
ദർശിക്കും ഭൂമി

മാരുത നൃത്തത്താൽ ഇളകിമറിയുന്ന,
സസ്യവൃക്ഷാദി തൻ നാഥയാം ഭൂമി
മലകൾക്കും ആഴിക്കും ഇടയിൽ വസിക്കുന്ന
മലയാളമാകിയ കേരള ഭൂമി
മരതകക്കല്ല് പതിച്ചതുപോലെയാ-
തരുനിരയാലുള്ള കേരള ഭൂമി

6 ദേവികാകൃഷ്ണൻ 9B- ലിറ്റിൽ കൈറ്റ്സ് അംഗം

ഉപന്യാസം

# സമയമെന്ന സമ്പത്ത്



**അഞ്ജന രാജേഷ്**[7]

നമ്മളൊക്കെയും നിസാരമായി കരുതുന്നതും എന്നാൽ വളരെ പ്രധാനപ്പെട്ടതുമായ ഒന്നാണ് സമയം.ലോകത്തിലുള്ള എല്ലാവർക്കും സമയം ലഭിച്ചിട്ടുണ്ട്.പണ്ഡിതനും പാമരനും ധനികനും ദരിദ്രനും വെളുത്തവനും കറുത്തവനുംമൊന്നും ഇക്കാര്യത്തിൽ വേർതിരിവില്ല. ഈശ്വരനിശ്ചയമനുസരിച്ച് ഓരോരുത്തർക്കും സമയം, അതായത് ജീവിതകാലം ലഭിക്കുന്നു.അതു നാം വിലകൊടുത്തു വാങ്ങുന്നതല്ല.സൗജന്യമായി ലഭിക്കുന്നതല്ല. നമുക്ക് ലഭിച്ചിരിക്കുന്ന സമയത്തെ വിലപ്പെട്ടതായി കണക്കാക്കി അവയിൽ നിന്നു കഴിയുന്നിടത്തോളം ഫലമെടുക്കുകയാണ് വേണ്ടത്.

ഓരോ നിമിഷവും വിലപിടിപ്പുള്ളതായി കരുതുമ്പോൾ ഒരു മണിക്കൂർ നന്നായി ചെയ്യാൻ നമുക്ക് കഴിയും. ഇരുപത്തിനാലു മണിക്കൂർ വേണ്ടവിധം ഉപയോഗിച്ചാൽ ഒരു ദിവസം വിജയകരമായി പൂർത്തിയാകും. അങ്ങനെ ജീവിതമൊപ്പാടെ നോക്കുമ്പോൾ അതു വിജയപ്രദമായിരിക്കും. മഹാന്മാരിൽ

7 അഞ്ജന രാജേഷ്-ഒൻപത്(ഡി)- പഠന പാഠ്യേതര പ്രവർത്തനങ്ങളിൽ മുന്നിട്ടു നിൽക്കുന്നു. മികച്ച എൻ.സി.സി. കേഡറ്റ്

പലരും ഇത്തരത്തിൽ സമയത്തിന്റെ വില അറിഞ്ഞു പ്രവർത്തിച്ചവരാണ്. സമയം തെറ്റിക്കുന്ന വൻ മറ്റുള്ളവരുടെ സമയം കൂടി നഷ്ട്പ്പെടുത്തുന്നവാനാണെന്ന് അവരിൽ പലരും വിശ്വസിക്കുന്നു.ഗാന്ധിജിക്ക് ഒട്ടേറെ ചെറുതും വലുതുമായ കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞത് സമയത്തെ ആദരിച്ചിരുന്നതു കൊണ്ടാണ്.മടിയൻ മലചുമക്കുമെന്നു നാം കേട്ടിട്ടുണ്ടല്ലോ. മല ചുമക്കുവാൻ ശ്രമിക്കുന്നവന്റെ അവസ്ഥ നമുക്ക് ഊഹിക്കാം. എന്നാൽ സമയം വേണ്ടവിധം ഉപയോഗപ്പെടുത്തിയാൽ ഈ ആപത്തുവന്നുചേരില്ല.

സമയവും തിരകളും ആർക്കുവേണ്ടിയും കാത്തു നിൽക്കാറില്ല എന്നൊരു പ്രശസ്തമായ പഴഞ്ചൊല്ലുണ്ട്. സമയത്തെ നിയന്ത്രിക്കാൻനമുക്കാവില്ല. അതിനാൽസമയത്തിനനുസൃതമായി നമ്മളെ നിയന്ത്രിക്കാൻ കഴിയണം. കുട്ടികളായ നമ്മൾ ചെറുപ്പം മുതൽ സമയത്തിന്റെ വിലയറിഞ്ഞ് പ്രവർത്തിക്കണം. ക്ലാസ്സിലെപോലെ വീട്ടിലും സമയക്രമം പാലിച്ചാൽ നന്നായി പഠിക്കാൻ കുട്ടികൾക്ക് സാധിക്കും.നമ്മൾ ഓരോ ദിവസവും ശ്രദ്ധയോടെ ഉപയോഗിക്കണം. സമയത്തിന്റെ മൂല്യത മനസ്സിലാക്കി പ്രവർക്കിക്കുമ്പോൾ ജീവിത വിജയം നേടാൻ കഴിയും. ഒരു ഫ്രഞ്ച് പഴമൊഴി ഇതിന് ഉദാഹരണമാണ് "ലോകത്തിലെ മുഴുവൻ സമ്പത്ത് കൊണ്ട് ശ്രമിച്ചാലും നഷ്ട്പ്പെട്ട ഒരു നിമിഷത്തെ വീണ്ടെടുക്കാൻ കഴിയില്ല ".

**വർണ്ണന**

# സൗന്ദര്യ പുടവചാർത്തി പ്രകൃതി


**ദേവിക. ജി .എൻ** [8]



**അ**നന്തമായിക്കിടക്കുന്ന സമുദ്രവും ചിരിച്ചുകൊണ്ടൊഴുകുന്ന കായലിനും മദ്ധ്യേ വിശാലമായ മണൽക്കുന്ന്.മണൽക്കുന്നിൽ നിന്നുള്ള കാഴ്ച അതിഗംഭീരം. വിശാലമായ ആകാശം അതിനുതാഴെ അതിലും വിശാലമായ സമുദ്രം . നീലനിറം അണിഞ്ഞ ജലമാണ് അവിടെ. മറ്റൊരു വശത്ത് കേരവൃക്ഷങ്ങൾ ആടിയുലഞ്ഞുനിൽക്കുന്നതിന്റെ ഇടയിലൂടെ ഒരു കായൽ. പച്ചപ്പ് നിറഞ്ഞുനിൽക്കുന്നു. വെള്ളവും അതേ നിറത്തിൽ തന്നെ. കായലിനും കടലിനും ഇടയിലുള്ള ഈ മണൽകുന്ന് ഒറ്റയ്ക്കല്ല,തൊട്ടടുത്ത് ഒരു ക്ഷേത്രവും.കായലിനും സമുദ്രത്തിനും മദ്ധ്യേ വിശാലമായ ഒരു മൈതാനം. കുന്നിൻ മുകളിൽ നിന്നാൽ കായലും കടലും ക്ഷേത്രവും എല്ലാം കാണാൻ കഴിയും. കടൽ ക്ഷോഭത്തിൽ പോലും തകരാത്ത ക്ഷേത്രം. ക്ഷേത്രദർശനത്തിനായി വരുന്നവർക്കായി കാഴ്ചയുടെ വിരുന്നൊരുക്കിയിരിക്കുകയാണ് പ്രകൃതി. ഇക്കരയിൽനിന്നും അക്കരയിലെ ക്ഷേത്രത്തിൽ എത്താൻ ജങ്കാർ. ഇതെല്ലാം മനസ്സിനെ അതിശയിപ്പിക്കുന്നു.

8 ദേവിക ഒൻപത്(എ) ഗണിതശാസ്ത്രമേളകളിൽ സമ്മാനം നേടിയിട്ടുണ്ട്. മികച്ച ലിറ്റിൽ കൈറ്റ്സ് അംഗം.

ക്ഷേത്രമതിലിനപ്പുറം കടൽതീരമാണ്. കണ്ടാലും മതിവരാത്ത സൗന്ദര്യം. മനസ്സ് ഇപ്പോഴും അവിടെത്തന്നെ. അവിടെ കാണുന്ന കാഴ്ചയുടെ സൗന്ദര്യം പറഞ്ഞറിയിക്കാൻ കഴിയാത്ത അത്രയുമാണ്. പ്രകൃതിയുടെ സൗന്ദര്യത്തിന്റെ ഒരംശം മാത്രമാണിത്, എങ്കിലും കാണുമ്പോൾ ഇതാണ് ഏറ്റവും നല്ല കാഴ്ച എന്ന് മനസ്സ് പറയും.




ലേഖനം

# ഗാന്ധിസ്മരണ

## അർജ്ജുൻ ബാബു[9]





കുർത്താ-പൈജാമ ധരിച്ച,കാലിൽ ചെരുപ്പിട്ട, തലയിൽ ധാരാളം മുടിയുള്ള ഗാന്ധിതൊപ്പി ധരിച്ച ഗാന്ധിജി ഇന്ന് ഫോട്ടോയിൽ കാണപ്പെടുന്ന ഗാന്ധിജിയെപ്പോലെ ക്രമേണ ആയിത്തീർന്നതാണെന്ന് സ്വയംപ്രകാശ് തന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു. കുട്ടിക്കാലത്ത് ഗാന്ധിജിക്ക് ഇരുട്ടിനെ പേടിയായിരുന്നു. വലുതായപ്പോൾ ബ്രിട്ടീഷ് ഭരണം അദ്ദേഹത്തെ പേടിക്കുന്ന അവസ്ഥയിലായി. കത്തിയാവാഡ് ഹൈസ്കൂളിലെ ഒന്നാംക്ലാസ്സിൽ പഠിച്ചു.

ആദ്യത്തെ പരീക്ഷയിൽ ഗാന്ധിജിക്ക് നല്ല മാർക്ക് ലഭിച്ചില്ല.ഗാന്ധിജി ഇംഗ്ലണ്ടിൽ പഠനം പൂർത്തിയാക്കി ഭാരതത്തിൽ

9 അർജ്ജുൻ ബാബു -ഒൻപത് (എ)-ലിറ്റിൽ കൈറ്റ്സ് അംഗം.

തിരിച്ചെത്തിയതിനു ശേഷം ദക്ഷിണാഫ്രിക്കയ്ക്ക് പോയി .അവിടെ നിന്നും ഭാരതത്തിൽ തിരിച്ചുവന്ന് ഒരുപ്രസംഗത്തിനായി മധുരയ്ക്ക് പോയി.അവിടെ അദ്ദേഹം ഒരു സ്ത്രീ തുണി കഴുകുന്നതു കണ്ടു. അവർ പകുതി മുണ്ട് ധരിച്ച് ബാക്കി പകുതി കഴുകുകയായിരുന്നു. പിന്നീട് കഴുകിക്കഴിഞ്ഞ ഭാഗം ധരിച്ച് മറുഭാഗം കഴുകുകയായിരുന്നു. ഈ സ്ത്രീയുടെ മോശമായ അവസ്ഥ കണ്ട് ഗാന്ധിജി അപ്പോൾ തന്നെ 'ഇന്നു മുതൽ താൻ ഒരു മുണ്ട് മാത്രമേ ധരിക്കുകയുള്ളൂ' എന്ന് തീരുമാനപ്പെടുത്തി. വട്ട മേശ സമ്മേളനത്തിൽ പങ്കെടുക്കാനും അദ്ദേഹം ഒരു മുണ്ട് മാത്രം ധരിച്ചുകൊണ്ടുപോയി.

ഗാന്ധിജി ആദ്യം ഒരു  മികച്ചയിനം പേന കൊണ്ട് എഴുതിയിരുന്നു. ആ പേന മോഷണം പോയതിനു ശേഷം അദ്ദേഹം ഒരു കുട്ടി നൽകിയ പെൻസിൽ കൊണ്ട് എഴുതാൻ തുടങ്ങി. ഇന്ത്യയിലെ വൈസ്റോയിക്ക് അദ്ദേഹം ആദ്യകത്തെഴുതിയത് പെൻസിൽ കൊണ്ടാണ്. നമ്മുടെ രാജ്യത്തെ ആളുകൾ അധികവും ദരിദ്രരാണ്. അതുകൊണ്ട് നാം പാഴ് ചെലവ് ചെയ്യരുതെന്നായിരുന്നു ഗാന്ധിജിയുടെ ആഗ്രഹം. ഗാന്ധിജി തന്റെ രാജ്യത്തെ ജനങ്ങളെ ലാളിത്യത്തിന്റെ മഹത്ത്വം പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. തന്റെ പ്രാർത്ഥനാസഭയിൽ അണിഞ്ഞൊരുങ്ങി വന്ന ധനികരെ ഗാന്ധിജി ശകാരിച്ചു. ആവശ്യമില്ലാത്ത വസ്തുക്കൾ ശേഖരിച്ചുവെയ്ക്കരുതെന്ന് അദ്ദേഹം ഉപദേശിച്ചു. ലാളിത്യത്തിന്റെ പര്യായമായിരുന്നു ഗാന്ധിജി...

**കവിത**



# ഇനി എന്ത്???

## നന്ദന.എച്ച്.നമ്പൂതിരി[10]

മനുഷ്യന്റെ തീവ്രമാം പ്രവർത്തിയിലിന്നീ
കേരളം പ്രളയത്തിൽ



കലിതുള്ളി മഴയും ആർത്തലച്ച പുഴയും
ശാന്തമാകുമ്പോൾ ഇനി എന്തെന്ന
ചോദ്യമായി നാം പകച്ചു നിൽക്കുന്നു

കൈക്കുഞ്ഞുമായി പിടയുന്ന
അമ്മയുടെ തേങ്ങലുകൾ നാം അറിഞ്ഞിരുന്നു.
ഇന്നീ വേദനകളടങ്ങുമ്പോഴും
ഇനി എന്തെന്ന ചോദ്യമായിരുന്നു

പ്രാണവേദനയിലും ആർക്കും വേണ്ടി
തൻ പ്രാണൻ നോക്കാതെ

10 നന്ദന എട്ട്(എ)--സബ്ജ് ജില്ലാതല തിരുവാതിര, ഗണിത ശ്രദ്ധനിർമ്മിതി മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ചു.

പോരാടി കടലിന്റെ
മക്കൾ
ആർത്തലച്ചെത്തിയ
പ്രളയത്തിൽ
തണലാവുകയും
താങ്ങുകയും ചെയ്തു



അച്ഛനേയും
അമ്മയേയും
കാണാതെയായി
ഇനി കേരളം
അതിജീവിക്കുമ്പോഴും
എത്രയോ ആളുകൾ
തേങ്ങുന്നു
എത്രകേട്ടാലും എത്ര
അനുഭവിച്ചാലും
പഠിക്കില്ല നാം
ഒരു നല്ല നാളെയ്ക്കായ്
ഉണരുക നാം.

ചെറുകഥ

# കല്ലറകൾ



## ഇന്ദു പൊന്നച്ചൻ[11]

മനസ്സിന്റെ ചെപ്പിൽ ഒളിച്ച് വച്ച സ്വപ്നങ്ങൾ മരണത്തിലൂടെ ഞെരിക്കപ്പെട്ട കല്ലറകൾ..... എത്രയെത്ര ജീവിതങ്ങൾ ...... മറക്കാനാകാത്ത ഓർമ്മകൾ .... ഉച്ചക്ക് കല്ലറയിൽ മറന്നുവച്ച വാച്ചെടുക്കാനാണ് സ്റ്റെല്ല ആ രാത്രി ശ്മശാനത്തിലേക്കുപോയത്. രാവിലെ ഒരു എക്സിബിഷനിവിടെ വന്നതാണ്. ഇവിടെയെവിടെയെങ്കിലും മറന്നതായിരിക്കാം . ആകാംഷപൂർവ്വം അവൾ ഓരോ കല്ലറയും പരതി. തന്റെ ജീവനായിരുന്ന അമ്മ തന്ന വാച്ച് അത് ഉപേക്ഷിക്കാൻ വയ്യ.

"സ്റ്റെല്ലാ "

ഒരു വിളികേട്ടവൾ ഞെട്ടിത്തിരിഞ്ഞു നോക്കി.

" ഹേയ് ജോർജജ് , നീയെന്താണിവിടെ ? " സ്റ്റെല്ല പറഞ്ഞു.

'ഞാൻ നിനക്കുവേണ്ടി വന്നതാണ് , നീയെന്താണിവിടെ ഈ

രാത്രിയിൽ ചെയ്യുന്നത്?' ജോർജ് ചോദിച്ചു .

"ഓ, എന്റെ വാച്ച്, അത് ഞാനിവിടെ മറന്നുവെച്ചു.

നിനക്കറിയാമല്ലോ അതിന് എന്റെ മനസ്സിലെ വില."

11 മികച്ച സാഹിത്യാഭിരുചിയുള്ള ഇന്ദു പത്ത്(ബി)യിൽ പഠിക്കുന്നു

ജോർജിന്റെ മുഖത്തേക്ക് സ്റ്റെല്ല നോക്കി. പുതിയ ഹോസ്പിറ്റലിൽ ജോയിൻ ചെയ്തപ്പോൾ മുതൽ അവിടുത്തെ മിടുക്കനായ ഡോ. ജോർജിനെ അവൾക്കറിയാം. അയാൾക്കവളെയും. രാത്രി 12 മണി കഴിഞ്ഞിരിക്കാം അന്വേഷിച്ച സാധനം ഒരു കല്ലറക്ക് മുകളിൽ നിന്നു കണ്ടെത്തി, തിരിഞ്ഞുനടക്കാൻ ഭാവിച്ച സ്റ്റെല്ല ഒരു നടുക്കത്തോടെ തിരിഞ്ഞു നോക്കി .

"ജോർജ്ജ് എന്താണിത്; ഒന്നു നോക്കൂ"

തിരിഞ്ഞു നോക്കിയ ജോർജ്ജ് ഒന്നു നടുങ്ങി . അവളുടെ ഷാൾ ഒരു കല്ലറയ്ക്കുള്ളിൽ കുടുങ്ങിയിരിക്കുന്നു.

പെട്ടന്ന് ഒരു ഭയാനകമായ ശബ്ദവും അതിശക്തമായ കാറ്റുമുണ്ടായി.

"ഹേയ് സ്റ്റെല്ല, ആ ഷാൾ കളഞ്ഞിട്ടുവാ ഇനിയിവിടെ നിൽക്കേണ്ട"

എന്ന് പറഞ്ഞുകൊണ്ട് ജോർജ്ജ് അവളുടെ കൈയ്യ് പിടിച്ചു. പക്ഷെ ഒരു പാറക്കല്ലു പോലെ ആ ശരീരം ഉറച്ചുപോയിരുന്നു. അവൾക്ക് അനങ്ങാൻ കഴിയുന്നില്ല. നിമിഷങ്ങൾക്കകം ആ ശ്മശാനം ഒരു മാറ്റൊലിയാൽ വിറകൊണ്ടു. ഒരു ഭയാനകമായ ശബ്ദത്തോടെ ആ കല്ലറകൾ തുറക്കപ്പെട്ടു, അട്ടഹാസത്തോടെ. അതീവസന്തോഷത്തോടെ ആത്മാക്കൾ പുറത്തു വരാൻ തുടങ്ങി. എങ്ങും തിളങ്ങുന്ന നീലപ്രകാശം. അതിന്റെയിടയിൽ രണ്ട് ജീവശവങ്ങൾ, ഈ രംഗങ്ങൾക്കെല്ലാം സാക്ഷിയായി നിൽക്കുകയാണ്, സ്റ്റെല്ലയും ജോർജും.

ആകാശത്ത് നിന്നൊരു തീവ്രപ്രകാശം കല്ലറകളിലേക്ക് പതിച്ചു. നീല പ്രകാശം കെട്ടടങ്ങി . കല്ലറകൾ മൂടപ്പെട്ടു . ചിരി ഒരു തേങ്ങലായി മൂളലായി, ഞരക്കമായി കെട്ടടങ്ങി. ജോർജ് സ്റ്റെല്ലയെ വിളിച്ചുണർത്തി.

ജോർജ്ജ് : "എന്താണ് പറ്റിയത് ?

സ്റ്റെല്ല : "ആത്മാക്കൾ അവർ എവിടെ പോയി ? അവർക്കെന്തുപറ്റി ?

യഥാർഥത്തിൽ മരണം ഒരു വേദനയാണല്ലോ ജോർജ്ജ്?


സ്വാതന്ത്ര്യത്തിൽനിന്നുള്ള ഒരു ഒളിച്ചോട്ടം അല്ലെങ്കിൽ എടുത്തുചാട്ടം. മരണം കൊണ്ട് ഒന്നും തന്നെ നേടുന്നില്ല. നഷ്ടം മാത്രം , ഒരിക്കലും തിരുത്തപ്പെടാനാകാത്ത നഷ്ടം. ഈ ലോകത്തൊന്നും സ്ഥിരമല്ല ശരിയല്ലേ ജോർജ്ജ്".

ആ കണ്ണുകൾ ഈറനണിഞ്ഞു. ആ സൂചിമുനകൾ ജോർജ്ജിന്റെ കണ്ണിൽ വന്നു പതിച്ചു. അവനും അതേ അനുഭവമുണ്ടായി. വീണ്ടും ഭയാനകമായ ആ ശബ്ദം മാറ്റൊലി കൊണ്ടു . കല്ലറകൾ ഒരു ശബ്ദ-ത്തോടെ നിരങ്ങി നീങ്ങി. 'ഹൊ എന്തൊരു സ്വപ്നമായിരുന്നു അത്. ' സ്റ്റെല്ല ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർന്നു. 'സമയം എത്രയായി ?' അവൾ തന്റെ കൈയിലേക്ക് നോക്കി. 'ങേ, വാച്ചെവിടെ ഓ ചിലപ്പോൾ

ആ കല്ലറയിൽ മറന്നു വച്ചതാവാം.' അവൾ ടോർച്ചുമായി പുറപ്പെട്ടു.

ആ കല്ലറകളുടെ അടുത്തേക്ക്....

സ്വാതന്ത്ര്യത്തിന്റെ ഒരിറ്റു വെളിച്ചം ആഗ്രഹിക്കുന്ന ആ ആത്മാക്കളുടെ അടുത്തേക്ക്........



ലേഖനം

# പ്രകൃതി



**ജാസ്മിൻ ജോയ്** [12]


**പ്ര**കൃതിയെക്കുറിച്ച് വർണ്ണിക്കാത്ത കവികളില്ല, പാടാത്ത ഗായകരില്ല. കാരണം പ്രക്യതി അത്രക്ക് മനോഹരിയാണ്. അതൊരു പ്രപഞ്ചസത്യമാണ്.അഥവാ എത്ര വർണ്ണിച്ചാലും, എത്ര പാടിയാലും അതൊന്നും അധികമേയല്ല. പ്രകൃതിയുടെ നിർവചനം അതിനെല്ലാം എത്രയോ അതീതം. നമ്മുടെ വീട്, പൂന്തോട്ടം, വാഹനം, നാം ശ്വസിക്കുന്ന വായു, കുടിക്കുന്ന വെള്ളം, വസിക്കുന്ന പ്രദേശം, സഹവസിക്കുന്ന ജനങ്ങൾ എല്ലാം അടങ്ങിയതാണ് പരിസ്ഥിതി. കടലും കായലും പുഴയും പാതകളും കാടുകളും തുടങ്ങി സമൂഹം ഒന്നിച്ചനുഭവിക്കുന്ന എല്ലാം അതിന്റെ ഭാഗമാണ്. നമ്മുടെ പ്രകൃതിപരമായ ചുറ്റുവലയമാണ് നാം പരിസ്ഥിതി കൊണ്ട് അർഥമാക്കുന്നത്.പ്രകൃതിയോടുള്ള അമിതമായ നമ്മുടെ ചൂഷണങ്ങളും പല പാരിസ്ഥിതിക പ്രശ്നങ്ങളും കൊണ്ട്  ലോകം ഇന്ന് നട്ടംതിരിയുകയാണ്. അടിസഥാന ആവശ്യങ്ങൾക്കുവേണ്ടി ആർഭാടങ്ങളിലേക്ക് മനുഷ്യൻ ശ്രദ്ധ തിരിക്കുമ്പോൾ ഉണ്ടാകുന്ന ഉപഭോഗാസക്തിയെ തൃപ്തിപ്പെടുത്തുവാൻ മനുഷ്യൻ

12 ലിറ്റിൽ കൈറ്റ്സ് അംഗം; ഒൻപത്(എ)യിൽ പഠിക്കുന്നു.

ചൂഷണം ചെയ്യുവാൻ ആരംഭിച്ചു. മറ്റൊരു അർത്ഥത്തിൽ പറഞ്ഞാൽ മനുഷ്യർ പ്രകൃതിയിൽ നിന്ന് മോഷ്ടിക്കുവാൻ ആരംഭിച്ചു.

സംസ്കാരം ജനിക്കുന്നത് മണ്ണിലും ഭൂമിയിലും നിന്നാണ്. മലയാളത്തിന്റെ സംസ്കാരം പുഴയും വയലോലകളും ആണ്. എന്നാൽ നാം ഭൂമിയെ മലിനമാക്കുന്നു. കാടിന്റെ മക്കളെ മുടിച്ച് മരുഭൂമിക്ക് വഴിയൊരുക്കുന്നു. പാടം നികത്തിയാലും മണൽ വാരി പുഴ നശിപ്പിച്ചാലും, വനം വെട്ടിനശിപ്പിച്ചാലും, കുന്നിടിച്ചാലും ഞങ്ങൾക്ക് യാതൊരു പ്രശ്നവും ഇല്ല എന്ന് കരുതുന്നവരുടെ കാഴ്ച്ചപ്പാടുകൾ മാറ്റപ്പെടേണ്ടതാണ്.

നാം വളരെ ശ്രദ്ധയോടെ ചെയ്യേണ്ട കാര്യമാണ്. ഇത്തരംപ്രശ്നങ്ങൾ മാനവരാശിയുടെ പ്രശ്നമാണ്, എന്ന് കരുതി ബോധപൂർവ്വമായി ഇടപെട്ട് ഭൂമിയമ്മയെ സംരക്ഷിക്കാൻ നാം തയ്യാറായില്ലായെങ്കിൽ നമ്മുടെ മക്കൾക്ക് ഇവിടം വാസയോഗ്യമല്ലാതായി തീരും.



ലേഖനം

# എന്റെ ടീച്ചർ

## ജെറിൻ മറിയം ജോർജ്ജ്[13]



ഞാൻ എന്റെ ആദ്യ കഥ സമർപ്പിക്കുന്നത്, ജീവിതത്തിൽ ആദ്യമായി എനിക്ക് ഒരു പുസ്തകവും ,ഒരു പെൻസിലും സമ്മാനിച്ച എന്റെ സ്വന്തം ജയ ടീച്ചർക്ക് .

ഏഴാം ക്ലാസ്സിലെ കൊല്ല പരീക്ഷ കഴിഞ്ഞു വേനൽ അവധിയിലെ ഒരു ഞാറാഴ്ച ......... മാവിൽ കല്ലെറിഞ്ഞും കുളത്തിൽ വള്ളങ്ങൾ ഉണ്ടാക്കി കളിച്ചതും, കൂട്ടുകാരോടൊത്ത് കളിച്ചതും അങ്ങനെ അല്ലറ ചില്ലറ വികൃതികളൊക്കെയായി നടക്കുന്ന കാലം .... ഒരു പത്തു മണിയായിക്കാണും തോട്ടപണിക്കാരിൽ ഒരാൾ വന്നു അച്ഛനോട് പറഞ്ഞു "സ്ക്കുളിനടുത്ത് വീട്ടിൽ ഒരു ലോറിയിൽ വീട്ടു സാധനങ്ങളുമായി ആരൊക്കെയോവന്നിട്ടുണ്ട് ".
അപ്പോഴാണ് അച്ഛന് ഓർമ്മ വന്നത് ബ്രോക്കർ ജോസ് അവരെപ്പറ്റി പറഞ്ഞത് .

13 പത്ത്(ബി)യിൽ പഠിക്കുന്നു.

അച്ഛൻ എന്നോട് പറഞ്ഞു "മോളെ നീ ചാവിയൊന്ന് അവിടെകൊടുത്തിട്ട് വാ .അവർക്ക് വേണ്ട ഒത്താശ ചെയ്തു കൊടുക്ക് വന്നത് നിന്റെ സ്ക്കുളിലെ പുതിയ ടീച്ചറാണ് . പാലക്കാട്ടു കാരാണ് അവർക്ക് ഇവിടെ വല്ല്യ പരിചയമൊന്നു ഉണ്ടാവില്ല ."

ഓഹോ പുതിയ ടീച്ചറോ ? എന്നാലൊന്ന് പരിചയപ്പെടുകയും ആവാം ,എന്ന് കരുതി ചാവിയും കൊണ്ട് ഞാൻ അപ്പോൾ തന്നെ പുറപ്പെട്ടു .

ഒരു പത്ത് മിനിട്ട് കൊണ്ട് ഞാൻ അവിടെ എത്തി .മുറ്റത്ത് ലോറിയിൽ സാധനങ്ങളുമായി നിൽക്കുന്നവർ എന്നെ കാത്തിരിക്കുകയായിരുന്നു.

എന്നെ കണ്ടയുടനെ ഒരു അറുപതുവയസ്സ് തോന്നിക്കുന്ന മെലിഞ്ഞു വെളുത്ത ,

ആൾ ചിരിച്ചു കൊണ്ട് ചോദിച്ചു "ശാന്തവിന്റെ വീടാണോ ?"

ഞാൻ 'അതെ'എന്ന് മറുപടി പറഞ്ഞു . ചാവി അവർക്ക് കൊടുത്തു. അയാളുടെ പിന്നിലെ വീടിന്റെ വരാന്തയിലേക്ക് ചെന്നപ്പോളുണ്ട് ഒരു അൻപത്തഞ്ചു വയസ്സെങ്കിലും ഉള്ള ഒരു സ്ത്രീയുടെ ഇരുപത്തഞ്ച് -മുപ്പത് വയസ്സുള്ള നല്ല മുഖം . ശ്രീയുള്ള വെളുത്ത് തുടുത്ത ഒരു സ്ത്രീയും ..... എന്നെ കണ്ടയുടനെ ഹൃദ്യമായി രണ്ടു പേരും ചിരിച്ചു.... ഞാൻ അവരോടായി പറഞ്ഞു "ശാന്തവിനായി താക്കോലും കൊണ്ട് വന്നതാ " .ഞാൻ ചോദിച്ചു, "പുതിയ ടീച്ചറാണല്ലേ ?" "അതെ ഞങ്ങളുടെ മകളാണ് . പേര് ജയശ്രീ .പാലക്കാട് ചിറ്റൂരാണ് . മലപ്പുറം ജില്ലയിൽ ഞങ്ങൾക്ക് സ്വന്തക്കാരോ ബന്ധക്കാരോ ഇല്ല."

പിന്നീട് അവധികഴിഞ്ഞ് ടീച്ചർ സ്കൂളിൽ വന്നു .ഞങ്ങൾ കുട്ടികൾക്ക് ഏറെ പ്രിയപ്പെട്ട ടീച്ചറാണ് ജയശ്രീ ..

*ചെറുകഥ*

# വാത്സല്യം

## ജെമി .കെ .എ .അലക്സ്[14]




ശീതകാലം ആഗതമായി. എല്ലാവരും ശീതകാലത്തെ വരവേൽക്കുവാൻ തയാറെടുക്കുകയാണ് . ശീതകാലത്തിന് മുന്നോടിയായി മഞ്ഞുതുള്ളികൾ വീഴാൻ തുടങ്ങി .പക്ഷികൾ ആ മഞ്ഞുതുള്ളിയിൽ കളിച്ചുകൊണ്ട് ശീതകാലത്തെ വരവേറ്റു. ഇവർ ഇവിടെ സന്തോഷിക്കുന്നുണ്ട് എങ്കിലും കുറച്ചുമാറി രണ്ട് പക്ഷികൾ ഈ മഞ്ഞിൽ ബുദ്ധിമുട്ടുകയാണ് . ഒരു പറവയും , ഒരു കുഞ്ഞികിളിയുമാണ് .ധാന്യങ്ങൾ ശേഖരിക്കാൻ പോയതാണ് ആ പറവ. ധാന്യങ്ങൾ ശേഖരിച്ച് തിരിച്ചുവന്നപ്പോഴാണ് മഞ്ഞുവീഴ്ച ശക്തി പ്രാപിച്ചത്. മഞ്ഞുവീഴ്ചയുടെ കാഠിന്യം മൂലം പറവയ്ക്ക് ചിറകുകൾ വിരിച്ച് പറക്കാൻ സാധിച്ചില്ല. അതുകൊണ്ട് പറവ അവിടെതന്നെനിന്നു. അങ്ങനെ അവിടെ നിൽക്കുമ്പോഴായിരുന്നു ഒരു കുഞ്ഞിക്കിളിയുടെ ശബ്ദം കേട്ടത്. പറവ ചുറ്റും നോക്കി .അപ്പോഴാണ് ഒരു കുഞ്ഞിക്കിളിയെകണ്ടത്. ആ കിളി കിടന്ന സ്ഥലം മുഴുവനും നോക്കി. അവിടെങ്ങും ഒരു മരം പോലുമില്ല. പതുക്കെ പറവ കുഞ്ഞിക്കിളിയുടെ അടുക്കൽ ചെന്നു. പറവ കുഞ്ഞിക്കിളിയോടു ചോദിച്ചു, "നീ എങ്ങനെയാണ് ഇവിടെ വന്നത്?" അപ്പോൾ കിളി പറഞ്ഞു, "മറ്റൊരു ഗ്രാമത്തിൽ മുത്തശ്ശിയെന്ന് പേരുള്ള ഒരു വലിയ മരമുണ്ടായിരുന്നു. അവിടെയാണ് എന്റെ കുടുംബം മുഴുവനും താമസിച്ചിരുന്നത്. ഇന്നലെ വീശീയ ശക്തിയേറിയ കാറ്റിൽ ഞങ്ങൾ താമസിച്ചിരുന്ന മരം ഉരുണ്ട് വീണു. അതിൽ എന്റെ കുടുംബാംഗങ്ങൾ മുഴുവൻ

14 കഥാപ്രസംഗം, പ്രായോഗിക ഗണിത നിർമ്മിതി എന്നീഇനങ്ങളിൽ സബ് ജില്ലാതലത്തിൽ ജെമി സ്കൂളിനെ പ്രതിനിധീകരിച്ചു. എട്ടാം ക്ലാസ്സ് (എ)വിദ്യാർത്ഥിനിയായ ജെമി പഠനത്തിലും സമർത്ഥയാണ്.

ചത്തു പോയി. ഞാൻ മാത്രം അവിടെനിന്ന് തെറിച്ച് ഇവിടെ വീണു." അപ്പോഴാണ് കുഞ്ഞിക്കിളി കിടന്ന് വിറയ്ക്കുന്നത് പറവ ശ്രദ്ധിച്ചത്. പറവയ്ക്ക് എന്ത് ചെയ്യണമെന്നറിയില്ല. പെട്ടന്ന് പറവയ്ക്ക് ഒരു ഉപായംവതോന്നി. പറവ തന്റെ രണ്ട് ചിറകുകളും കൊണ്ട് കുഞ്ഞിക്കിളിയെ മാറോടണച്ചു. അപ്പോൾ ആ കുഞ്ഞിക്കിളിയുടെ വിറയൽ മാറി . മഞ്ഞുവീഴ്ചയുടെ ശക്തി മാറി . പറവ തന്റെ കൂട്ടിലേക്ക് പോകുവാൻ വേണ്ടി തയാറെടുത്തു . പറവയ്ക്ക് ആ കുഞ്ഞിക്കിളിയെ ഒറ്റയ്ക്കാക്കിയിട്ട് പോകുവാൻ മനസ്സുതോന്നിയില്ല .പറവ ആ കുഞ്ഞിക്കിളിയേയും തന്റെ കൂട്ടിലേക്ക് കൊണ്ട് പോയി .

സ്വന്തം മക്കളേപ്പോലും കൊല്ലാൻ മടിയില്ലാത്ത മനുഷ്യർക്ക് ഈ കഥ ഒരു മാതൃക ആകട്ടെ .



യാത്രാനുഭവം

# കന്യാകുമാരി എന്ന വിസ്മയ ഭൂമി

ശ്രീഷ്മ .എം[15]




കേരളം കടന്ന് കന്യാകുമാരിയിലൂടെ നാം തമിഴ് മണ്ണിന്റെ കാഴ്ചയിലേക്ക് ആഴ്ന്ന് ഇറങ്ങുന്ന .പത്മനാഭപുരം കൊട്ടാരത്തിലെ രാജകാലത്തെ നാംവഅടുത്തറിഞ്ഞു. ചരിത്രം നമുക്കായി സൂക്ഷിച്ച വിസ്മയങ്ങൾ. കൊട്ടാരക്കെട്ടിൽ നിന്നും കന്യാകുമാരിയിലേക്ക്. അവിടെ തീരജീവിതത്തിന്റെ ഓളങ്ങളിലൂടെ ഒരു യാത്ര. തീർത്ഥാടകരേയും സഞ്ചാരികളേയും യാത്രയുടെ തീരത്തെത്തിക്കാൻ ഇന്ത്യയുടെ നാനാഭാഗത്തുനിന്ന് ട്രെയിനുകൾ കന്യാകുമാരിയിലേക്ക് എത്തുന്നു. കന്യാകുമാരിയിലെ റെയിൽവേ-സ്റ്റേഷൻ അറിയപ്പെടുന്നത് ഇന്ത്യയിലെ ഏറ്റവും തെക്കേ അറ്റത്തെ റെയിൽവേസ്റ്റേഷനെന്നാണ്.വിവേകാനന്ദപ്പാറയും സാഗരകാഴ്ചകളും കൈയെത്തുംദൂരത്ത് ഓരോ പ്രഭാതവും പകരുന്നത് വേറിട്ട അനുഭവമാണ്.കന്യാകുമാരിയിലെ സൂര്യോദയം ദൃശ്യഭംഗിക്കപ്പുറം പ്രകൃതിയുടെ വിരുന്നാണ്.

സൂര്യോദയം കാണാൻ പുലർച്ചെതന്നെ ആളുകളെ കൊണ്ട് കടൽതീരം നിറയും. ആകാശത്തും കടലിലും സൂര്യന്റെ പ്രകാശം ചിന്നിച്ചിതറിക്കിടക്കുന്നു. രാത്രിയിലെത്തുന്ന തീർത്ഥാടകർ ആസ്വദിച്ച് പകലിലേക്ക്

15 ശ്രീഷ്മ.എം-ഒൻപത്(എ)-ലിറ്റിൽ കൈറ്റ്സ് അംഗം.

മിഴിതുറക്കുകയാണിവിടെ. കടൽ പ്രഭാതത്തിൽ ശാന്തമാണ്. തിരയുടെ കുഞ്ഞോളങ്ങളിൽ അരുണിമയുടെ പൊൻവെട്ടം. സൂര്യോദയം കണ്ട് നേരെ ക്ഷേത്രത്തിലേക്ക്.

3000 വർഷങ്ങൾക്ക് മുൻപ് പരശുരാമൻ നിർമ്മിച്ച ക്ഷേത്രമെന്നാണ് വിശ്വാസം. പാണ്ഡ്യഭരണത്തിലെപ്പോഴോ ക്ഷേത്രം പുതുക്കിപ്പണിഞ്ഞിട്ടുണ്ട്. ക്ഷേത്രത്തിലെ ശില്പങ്ങളിലൂടെ ആ സംസ്കാരം കണ്ടറിയാം. ഭാണാസുരനെ വധിച്ച ഭഗവതിയാണ് ഇവിടെയുള്ളതെന്ന് ഭക്തർ വിശ്വസിക്കുന്നു. പാറക്കെട്ടുകളിൽ അസ്തമയസൂര്യന്റെ കൈയൊപ്പ് ചാർത്തിയ തിരമാലകൾ അണയുന്നു. കന്യാകുമാരി കാഴ്ച്ചകൾക്ക് അസ്തമയമില്ല. രാത്രിയുടെ ഇരുൾ കഴിഞ്ഞാൽ പുതുപ്രഭാതം ഉണരും.



ശാസ്ത്രലേഖനം

# അൽഷിമേഴ്സ് രോഗം


## ഹർഷ സലിൽ [16]



### നിർവചനം

സ്മൃതിനാശം അഥവാ അൽഷിമേഴ്സ് രോഗം മസ്തിഷ്കത്തിൽ അമൈലോയ്ഡ് മാംസ്യത്തിന്റെ അടിഞ്ഞുകൂടൽ മൂലമുണ്ടാകുന്ന പുരോഗമനപരമായ ഒരു മസ്തിഷ്കരോഗമാണ്. മസ്തിഷ്ക കോശങ്ങൾക്ക് നാശം സംഭവിക്കുമ്പോഴാണ് സ്മൃതിനാശം ഉണ്ടാകുന്നത്. ഈ അസുഖം അറുപത്തിയഞ്ച് വയസ്സിനു മുകളിലുള്ള സ്ത്രീകളെയാണ് കൂടുതലായും ബാധിക്കുന്നത്. സ്മൃതിനാശം ഒരു പാരമ്പര്യ രോഗമല്ല. എന്നാൽ, കുടുംബത്തിൽ മാതാവിനോ പിതാവിനോ അതിൽ കൂടുതൽ അംഗങ്ങൾക്കോ രോഗമുണ്ടെങ്കിൽ കുടുംബാംഗങ്ങൾക്ക് അസുഖം ബാധിക്കുവാനുള്ള സാധ്യത കൂടുതലാണ്.

### *കാരണങ്ങൾ*



മസ്തിഷ്കത്തിന്റെ നാഡീഞരമ്പുകൾക്കുണ്ടാകുന്ന ക്ഷയമാണ് സ്മൃതിനാശത്തിന്റെ മൂലകാരണം. അമിതമായ മാനസിക പിരിമുറുക്കവും ഉൽകണ്ഠയും സ്മൃതിനാശത്തിന് വഴിയൊരുക്കാം. ചില സന്ദർഭങ്ങളിൽ സ്മൃതിനാശം ഒരു പാരമ്പര്യ രോഗമായി മാറുന്നു. തലയ്ക്കേല്ക്കുന്ന ക്ഷതങ്ങൾ മസ്തിഷ്ക കോശങ്ങളെ ബാധിക്കുകയും സ്മൃതിനാശമുണ്ടാകുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു.അകാരണമായും സ്മൃതിനാശത്തിന് വഴിയൊരുക്കിയേക്കാം

16 ഹർഷ സലിൽ പത്ത്(ബി)- സംസ്ഥാനതല ഗണിതശാസ്ത്ര മേളയിൽ എ ഗ്രേഡ് നേടി. ആഴത്തിലുള്ള വായനയും ഉയർന്ന ശാസ്ത്രബോധവും ഈ വിദ്യാർത്ഥിനിയുടെ പ്രത്യേകതകളാണ്.

## *പ്രാരംഭ ലക്ഷണങ്ങൾ*

ഏറ്റവും സാധാരണമായ പ്രാരംഭ ലക്ഷണങ്ങൾ സമീപകാലത്തു നടന്ന സംഭവങ്ങൾ വിസ്മൃതിയിലാണ്ടുപോകുന്നതാണ്. അമിത മായ ഓർമ്മക്കുറവ്, ആത്മവിശ്വാസക്കുറവ്, വൈകാരിക പ്രശ്നങ്ങൾ മുതലായവയെല്ലാം സ്മൃതിനാശത്തിന്റെ ലക്ഷണങ്ങളാണ്. അകാരണമായ കാഴ്ചമങ്ങൽ, സാധനങ്ങൾ സ്ഥാനം മാറ്റിവെയ്ക്കൽ മുതലായവയും ചില രോഗികളിൽ പ്രകടമാകുന്നു. സ്മൃതിനാശം ബാധിച്ചവർക്ക് സമയം മനസ്സിലാക്കുന്നതിനും കണക്കുകൾ കൂട്ടുന്നതിനും,സംസാരിക്കുമ്പോൾ കൃത്യമായ വാക്കുകൾ പ്രയോഗിക്കുന്നതിനുമെല്ലാം പ്രയാസം അനുഭവപ്പെടുന്നു .നൂറുമുതൽ ഒന്നു വരെ പിറകിലേക്ക്എണ്ണുവാൻ ഇത്തരം ആളുകൾക്ക് സാധിക്കുന്നില്ല.

## *ജീവിതശൈലി*

വായന,പദപ്രശ്നങ്ങൾ പൂരിപ്പിക്കുക മുതലായ ബൗദ്ധിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരിലും സാമൂഹ്യബന്ധങ്ങൾ നിലനിർത്തുന്നവരിലും സ്മൃതിനാശമുണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. പുതിയൊരു ഭാഷ പഠിക്കുക, ശാരീരികധ്യാനം കൂടുതലുള്ള കളികളിലേർപ്പെടുക, സംഗീത ഉപകരണങ്ങൾ വായിക്കുക മുതലായവ സ്മൃതിനാശത്തിന്റെ സാധ്യത വളരെയേറെ ലഘൂകരിക്കുന്നു.

## *ആഹാരരീതികൾ*

ചായയുടേയും കാപ്പിയുടെയും ഉപയോഗം വളരെയേറെ ഗുണപ്രദമാണ്.

സ്മൃതിനാശത്തിനു കാരണമാകുന്നവ : പുകകൊള്ളിച്ച മാംസം, ബിയർ , ശീതളപാനീയങ്ങൾ , പാലുൽപന്നങ്ങൾ ,കേക്കുകൾ.

സ്മൃതിനാശത്തെ അകറ്റുന്നവ : മത്സ്യങ്ങൾ ,പച്ചക്കറികൾ, ഇലക്കറികൾ.

## *സ്മൃതിനാശം മൂലം എങ്ങനെ മരണം*

സ്മൃതിനാശം അതീവഗുരുതരമാകുമ്പോൾ ശരീരത്തിന്റെ രോഗപ്രതിരോധ ശേഷി കുറഞ്ഞ് ഇല്ലാതാകുകയും തന്മൂലം ഹൃദയസ്തംഭനം, മസ്തിഷ്കാഘാതം, വൃക്കരോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ എന്നിവ അതിതീവ്രമായി ഉണ്ടാകുന്നതോടുകൂടി മരണം സംഭവിക്കുന്നു. രോഗിയുടെ ആയുർദൈർഘ്യം രോഗനിർണയത്തിനു ശേഷം പത്തുമുതൽ ഇരുപതു വർഷം വരെയാണ്. അറുപത്തിയഞ്ചു വയസ്സിന് മുകളിലുള്ളവരിൽ പതിനാലു പേരിൽ ഒരാൾക്കും എൺപതു വയസ്സിനു മുകളിലുള്ളവരിൽ ആറു പേരിൽ ഒരാൾക്കും സ്മൃതിനാശ സാധ്യത കൂടുതലായി കണ്ടുവരുന്നു. പുകവലിയും, വ്യായാമയില്ലായ്മയും, സാമൂഹ്യബന്ധങ്ങളില്ലായ്മയും സ്മൃതിനാശമുണ്ടാകാനുള്ള സാധ്യത ഇരട്ടിപ്പിക്കുന്നു.


## *ചികിത്സ*

സ്മൃതിനാശം ഫലപ്രദമായ ചികിത്സയില്ലാത്ത അസുഖമാണ്. എങ്കിലും ആധുനിക വൈദ്യശാസ്ത്രം ചില മരുന്നുകൾ സ്മൃതിനാശത്തിന്റെ ലക്ഷണങ്ങളുടെ തീവ്രത കുറയ്ക്കുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. അവയിൽ ചിലത് ചുവടെ ചേർക്കുന്നു. ഡോൺപേസിൽ, മെമൈന്റെൻ, ഗാലന്റമിൻ മുതലായ ഔഷധങ്ങൾ സ്മൃതിനാശത്തിന്റെ തീവ്രത കുറയ്ക്കുന്നു. ഈ മരുന്നുകളുടെ ഉപയോഗം പാർശ്വഫലങ്ങളുണ്ടാക്കിയേക്കാം. സ്മൃതിനാശം ബാധിച്ചവരിൽ സ്വഭാവമാറ്റങ്ങളുണ്ടായേക്കാം. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന് വളരെ സഹായകമാണ് സംഗീത ചികിത്സ. രോഗിയെ രോഗാവസ്ഥയുമായി പൊരുത്തപ്പെടാൻ വളരെയധികം സഹായിക്കുന്ന

ചികിത്സരീതിയാണ് സൈക്കോത്തറാപ്പി. സ്മൃതിനാശത്തിന് ശാശ്വതമായ ഒരു പരിഹാരമില്ലാത്തതിനാലും അസുഖം മൂർച്ഛിക്കുമ്പോൾ രോഗിക്ക് സ്വന്തം കാര്യങ്ങൾ പോലും ശ്രദ്ധിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുമെന്നതിനാലും രോഗാവസ്ഥയിലുടനീളം രോഗിയെ നന്നായി ശ്രദ്ധിക്കേണ്ടതാണ്. പ്രാരംഭഘട്ടത്തിൽ ജീവിതാന്തരീക്ഷത്തിലും , ജീവിതരീതികളും വരുത്തുന്ന മാറ്റങ്ങൾ രോഗിയുടെ സുരക്ഷ വർദ്ധിപ്പിക്കുന്നു. രോഗിയെ രോഗാവസ്ഥയുമായി പൊരുത്തപ്പെടാൻ സഹായിക്കുന്നതിലൂടെ അസുഖത്തിന്റെ തീവ്രത ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കുന്നു.

എല്ലാവർഷവും സെപ്റ്റംബർ ഇരുപത്തിയൊന്ന് അൽഷിമേഴ്സ് ദിനമായി ആചരിക്കുന്നു.

ഇതുവഴി വിദ്യാർത്ഥിസമൂഹത്തിന് ഈ രോഗത്തിന്റെ ഭീകരതയെക്കുറിച്ചും, ചികിത്സാരീതികളെക്കുറിച്ചും ശുശ്രൂഷയെക്കുറിച്ചും അവബോധം ഉളവാക്കുന്നു.



കവിത

## വർഷ.ആർ. നായർ[17]

# ഭൂമി



ദ്യുതിയാർന്ന ഭൂമിയെ

ഹീനമാർന്ന ഞാൻ

നിന്നെ സ്പർശിച്ചുവല്ലോ

ഏതോവർണ്ണയാത്രനാഥൻ

തന്റെ വർണ്ണബാഹുകൊണ്ട്

സ്പർശിച്ചുനിന്നെ

ഐശ്വര്യദേവതെ

ഭൂമിയെ എന്നമ്മയെ

എന്നോട് ക്ഷമിക്കൂ

പൂക്കളും പുഴകളും

നശിപ്പിച്ച എന്നോട് നീ ക്ഷമിക്കൂ

നിൻ മനോഹാരിതനശിപ്പിച്ച എന്നോട് നീ ക്ഷമിക്കൂ



17 വർഷ-ഒൻപത്(എ)-മികച്ച സാഹിത്യാഭിരുചിയുള്ള ഈ സഹപാഠി പഠനത്തിലും സമർത്ഥയാണ്.

# വിദ്യാഭ്യാസവും സ്വഭാവരൂപികരണവും

ദേവിക.ഡി[18]



മാനവിക മൂല്യങ്ങളുടെ നാഴികക്കല്ല് അഥവാ മനുഷ്യാകാരത്തിന്റെ വിലയിരുത്തൽ സ്വഭാവമാണ് . സ്വഭാവരൂപീകരണത്തിൽ ഏതൊരു മനുഷ്യന്റെയും അടിസ്ഥാനപരമായ വലിയൊരു പങ്കുവഹിക്കുന്നത് വിദ്യാലയമാണ്. സമൂഹത്തിൽ ഇന്നുനടക്കുന്ന ഉച്ചനീചത്വങ്ങളുടെ വലിയൊരു ഭാഗവും സമഗ്രമായ, സത്യസന്ധമായ,അതിലുപരി ഉത്തമമായ ഒരു വിദ്യാഭ്യാസരീതിയുടെ അഭാവം മൂലമാണ് എന്ന് അഭിപ്രായപ്പെടുന്നതിൽ തെറ്റില്ല. ഒരു വിദ്യാലയം വന്നാൽ നൂറ് ജയിലുകൾ പൂട്ടേണ്ടിവരും എന്ന് പറയുന്നത് അതിനാലാണെല്ലോ

ഇന്ന് വിദ്യാഭ്യാസം വൻ കച്ചവട ശാലകളിലെ ഒരു ഉത്പന്നം മാത്രമാണ് . ഗുരുശിഷ്യ ബന്ധങ്ങൾക്ക് ഇത്രയധികം മൂല്യങ്ങൾ നൽകുന്ന ഭാരത്തിനു സമാനമായ മറ്റൊരു രാജ്യം ഉണ്ടായിരുന്നെങ്കിൽ. എങ്കിൽ ആ നിർണ്ണയങ്ങളെ പൊളിക്കും വിധമാണ് സമകാലിക വിദ്യാഭ്യാസ

18 ഒൻപത് (ഡി)യിൽ പഠിക്കുന്ന ദേവിക പഠനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലും സമർത്ഥയായാണ്.

രീതികൾ . ഒരു വിദ്യാർഥിക്ക് ഏറ്റവുമധികം വേണ്ട കഴിവുകൾ, ഏകാഗ്രത, ആത്മാർപ്പണം, ക്ഷമാശീലം, എന്നിവയാണ്. വിദ്യാഭ്യാസത്തിലൂടെ ഈ മൂല്യങ്ങൾ കൈവരിക്കപ്പെടുന്ന വിദ്യാർഥിൾ ജീവിത യാത്രയിലും മോശമല്ലാത്ത ഒരു പദവികൈവരിക്കപ്പെടും. താൻ ആകൃഷ്ടമായിരിക്കുന്ന ഏതൊരു കർമ്മത്തിനെയും സമ്പൂർണ്ണമാക്കുന്നതിനും ധന്യമാക്കുന്നതിനും ആത്മാർപ്പണവും,
ക്ഷമയുമൊക്കെ അനിവാര്യമാണ്.


തന്റെ വിദ്യാഭ്യാസ ജീവിതത്തിലൂടെ വിദ്യാർഥികൾ പരോപകാരവും, സൗഹൃദവും സഹജീവി സ്നേഹവും കൈവരിക്കുന്നു. അതുല്ല്യമായ ജീവിത ശ്രേണിയിൽ കാലിടറാതെ കയറാൻ നമുക്ക് ഈ മൂല്ല്യങ്ങൾ കൂടിയെ തീരു . വീടുകളിലേക്കാൾ കൂടുതൽ വിദ്യാലയങ്ങളിലാണ് കുട്ടികൾ കൂടുതലും സമയം ചിലവഴിക്കുന്നത് അതിനാൽ അവരുടെ അനുഗ്രഹിതമായ സ്വഭാവരൂപികരണത്തിനാകുന്ന അന്തരീക്ഷം തീർച്ചയായും വിദ്യാലയങ്ങളിൽ ഉണ്ടായിരിക്കണം .

അധ്യാപകരോട് സ്നേഹവും ബഹുമാനവും തിരിച്ച് അധ്യാപകർ ശിഷ്യരോട് സ്നേഹവും ലാളനയും നിറഞ്ഞവരായിരിക്കണം. അത് അവരെ സ്നേഹാദരളോടുകൂടിയ ഒരു ഉത്തമമായ തലമുറയെ വാർക്കുന്നതിൽ സഹായിക്കുന്നു. നാളത്തെ ലോകം ഇന്നത്തെ വിദ്യാലയങ്ങളിൽ ദർശിക്കാൻ സാധിക്കും .

അതിരുകളില്ലാത്ത വിദ്യയുടെ ആഴത്തിലേക്ക്

അവർ വായനയിലൂടെയും അനുഭവങ്ങളിലൂടെയും നീന്തിയിറങ്ങട്ടെ
അവരെ അതിൽ നിന്നും പിൻതിരിപ്പിക്കും വിധം ഇന്ന് സാമൂഹിക മാധ്യമങ്ങളായ ഇന്റർനെറ്റും,മൊബൈലും വളർന്നിരിക്കുന്നു .

വിദ്യയെയും , വിദ്യാഭ്യാസത്തെയും പൂജിക്കുന്ന ഭാരത സംസ്കാരത്തെ മാനിക്കുന്ന യുവതലമുറ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.



യാത്രാവിവരണം

# ഭൂമിയിലെ സ്വർഗ്ഗം

## കൃഷ്ണ . ആർ[19]




ഹരിതാഭയോടെ തലയുയർത്തി വാനിലേക്ക് നോക്കി നിൽക്കുന്ന ഗിരി (പർവ്വതം).കിളികളുടെ മനോഹരമായ ഗാനങ്ങളുള്ള പച്ചപ്പുനിറഞ്ഞുനിൽക്കുന്ന വനത്തിലൂടെയായിരുന്നു യാത്ര. ആ യാത്ര ഏകദേശം ഒരുമണിക്കൂർനേരം നീണ്ടുനിൽക്കുന്നതായിരുന്നു. മൂടൽമഞ്ഞ് കാഴ്ചയെ മറയ്ക്കുന്നു. മഞ്ഞുപാളികളെ വകഞ്ഞുമാറ്റി മലമുകളിലേക്കുള്ള വഴിത്താരകണ്ടെത്തി. വഴിയുടെ അരികിലൂടെ പാറക്കെട്ടുകളിൽ ചിന്നിച്ചിതറി തണുത്ത കാട്ടരുവി ആഹ്ലാദപൂർവ്വം ഒഴുകി നീങ്ങുന്നു. വെള്ളത്തിനടിയിലെ ഉരുളൻകല്ലുകൾ, ചെറുമത്സ്യങ്ങൾ ഇവയെല്ലാം കാഴ്ചക്കാരുടെ കണ്ണിന് മനോഹാരിത ഉളവാക്കുന്നവയാണ്. മലമുകളിലേക്കുള്ള വഴിത്താരനിറയെ ഓറഞ്ചുംചുവപ്പുംനിറത്തിലുള്ള പൂക്കളുടെ മൊട്ടുകൾ നിറഞ്ഞ കുറ്റിച്ചെടികൾ. ആകാംക്ഷയോടെയുള്ള ആ യാത്രഅവസാനിച്ചത് കൗതുകം നിറഞ്ഞകാഴ്ചയിലാണ്.

മലമുകളിൽനിന്നുനോക്കിയാൽ ചുറ്റും പച്ചപ്പരവതാനി വിരിച്ചിട്ടിരിക്കുന്നതു പോലെ തോന്നും.

കിഴക്കേ ചക്രവാളത്തിൽനിന്നും സൂര്യൻ തലയുയർത്തി നോക്കുന്നു. സൂര്യന്റെ വരവറിയിക്കാൻ ആകാശം ചുവന്നവസ്ത്രം ധരിച്ചിരിക്കുന്നു. കൊച്ചുചെടികളുടെയും തളിർത്തുനിൽക്കുന്ന പുല്ലുകളുടെയും തുമ്പിലെ മഞ്ഞുതുള്ളികളിൽ നിറയെ നിറങ്ങൾ തിളങ്ങിനിൽക്കുന്നതു കാണാം.


19 കൃഷ്ണ ആർ-ഒൻപത്(എ) ...ലിറ്റിൽ കൈറ്റ്സ് അംഗം.

**പ്രകൃതിയുടെ അവിസ്മരണീയമായ ആ കാഴ്ച്ചയിൽ മയങ്ങിനിൽക്കുമ്പോൾ, ഇതല്ലാതെ പ്രകൃതിയിൽ മറ്റൊരു കാഴച്ചയും ആസ്വാദകർക്ക് ഇത്രയും അനുഭൂതി സൃഷ്ടിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. എന്റെ യാത്രകളിൽ എനിക്ക് ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ട യാത്രയാണിത്.**



# നിലാ രജനി

## ഗായത്രി ആർ[20]



പടിഞ്ഞാറൻ ചക്രവാളത്തിലെ ചെകതിരുകൾക്കു ശേഷം
അതീവ സുന്ദരിയായി പൂർണ്ണ ചന്ദ്രനുമായി എത്തുന്ന രജനി.
മാലോകരെ നോക്കി കണ്ണു ചിമ്മുന്ന വജ്രങ്ങളെ പോലെയുള്ള
നക്ഷത്രങ്ങൾ എന്നും നമ്മെ ആനന്ദിപ്പിക്കുന്നു.
സുന്ദരിക്ക് പൊട്ടെന്നപോലെ ആകാശത്ത് നിലാവ് പടർത്തിക്കൊണ്ട്അന്ധകാരത്തെ
അകറ്റുന്ന ചന്ദ്രൻ എന്നും മായാത്ത വിസ്മയം തന്നെ.
നിലാ വെളിച്ചത്തിൽ പൂക്കുന്ന മുല്ലയുടേയും ഗന്ധരാജന്റെയും ഗന്ധം രജനിയെ
കുളിരണിയിക്കുന്നു.
ഭൂമിക്കു രക്ഷകനായി ചന്ദ്രൻ രാത്രിയിൽ കാവൽ നിൽക്കുന്നു. പ്രകൃതിയെ
സ്നേഹിക്കാനും പ്രകൃതിയോടടുക്കുവാനും ഈ ദൃശ്യം നമ്മെ പ്രേരിപ്പിക്കുന്നു.
മിന്നിത്തിളങ്ങുന്ന താരങ്ങൾ രാവിനെ മനോഹരമാക്കുന്നു.

20 ഒൻപത്(ബി)യിൽ പഠിക്കുന്ന ഗായത്രി ലളിതഗാനം, തിരുവാതിരപ്പാട്ട് ഇവയിൽ ഒന്നാംസ്ഥാനം നേടി സ്കൂളിന്റെ അഭിമാനമായി.

യാത്രാവിവരണം

# സ്വർഗ്ഗം

**അഖില**[21]



അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒരു വ്യവസായ മേഖലയാണ് വിനോദസഞ്ചാരം. ഞാൻ വിനോദം ഇഷ്ട്ടപ്പെടുന്ന ഒരാളാണ്. അതുപോലെ വിനോദസഞ്ചാരികളെയും. ഞാൻ ഇനി പറയുന്നത് എന്റെ ഒരു ചെറിയ യാത്രാവിവരണമാണ്. എട്ടാം ക്ലാസിലെ അവധിക്ക് അച്ഛൻ പറഞ്ഞു നമുക്ക് ഒരു സ്ഥലം വരെ പോകാമെന്ന്. ഏറ്റവും സുന്ദരമായകാഴ്ച്ചകൾ പലതും ഉണ്ട്. അച്ഛന് ഇത് പറഞ്ഞപ്പോൾതൊട്ട് ഞങ്ങളെല്ലാവരും ആ ദിവസത്തിനായി കാത്തിരിക്കുകയായിരുന്നു. അങ്ങനെ ആ ദിവസം വന്നു. ഞാനും, അനിയത്തിയും, അച്ഛനും, അമ്മയും കൂടിയാണ് പോയത്. ട്രെയിനിലാണ് പോയത്. തിരുവനന്തപുരത്ത് എത്തി. കൂട്ടുകാരന്റെ വീട്ടിലായിരുന്നു താമസം. അവിടെ കുന്നുകൾ, പുഴകൾ, ആറുകൾ, ധാരാളം പക്ഷികൾ ഇതെല്ലാമുണ്ട്. ഞാനവിടെ എത്തിയപ്പോൾ അവരുടെ വീടിനടുത്ത് ഒരു പുഴ.


ഹാ ! എന്ത് രസമാണ് എന്നറിയാമോ അത് കണ്ടുകൊണ്ടിരിക്കാൻ? നല്ല ഭംഗിയാണ്. എനിക്ക് പരിചയമുള്ള ആരുമില്ലായിരുന്നു. ആ വീട്ടിൽ അച്ഛന്റെ കൂട്ടുകാരന്റെ ഭാര്യയും ,ഒരു മകനും മാത്രമേ ഉണ്ടായിരുന്നുള്ളു.

ആദ്യ ദിവസം ഞങ്ങൾ തിരുവനന്തപുരം ഒന്ന് ചുറ്റികാണാൻ ഇറങ്ങി. നല്ല നല്ല സ്ഥലങ്ങളായിരുന്നു, പിന്നെ രുചികരമായ ഭക്ഷണവും കഴിച്ചു. രണ്ടാം ദിവസം ഞങ്ങൾ അച്ഛന്റെ മറ്റൊരു കൂട്ടുകാരന്റെ വീട്ടീൽ പോയി. അവിടെ പോകാൻ തന്നെ കാരണം വ്യത്യസ്ത്ത തോന്നിക്കുന്ന ഒരു പാറയുണ്ട്, തവളപാറ. പക്ഷെ അവിടെയെത്താൻ ഒരുപാട് ദൂരമുണ്ട്. അതുകൊണ്ട് ഞങ്ങൾ പുറത്തുനിന്ന് ഭക്ഷണം

21 അഖില -പത്ത്(ബി)

കഴിച്ച് തിരിച്ച് വീട്ടിലെത്തി. മൂന്നാം ദിവസം ഞങ്ങൾ ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തിലും പോയി. നാലഞ്ച് ദിവസംകൊണ്ട് ഒരുമാതിരി സ്ഥലങ്ങളിലെല്ലാം പോയി.

ഏഴാം ദിവസം ഞങ്ങൾ ഞങ്ങളുടെ വീട്ടിൽ തിരിച്ചെത്തിയപ്പോളും ആ ചിന്തയിൽ നിന്നും ഉണർന്നിട്ടില്ലായിരുന്നു. വളരെ മനോഹരമായ ഒരു അവധിക്കാലമായിരുന്നു.



ചെറുകഥ

# സൗഹൃദം

## കാവ്യ .ആർ[22]



"ഒരിക്കൽ ഒരിടത്ത് നാല് നല്ല കൂട്ടുകാരുണ്ടായിരുന്നു . അവർ എന്തിനും ഒരുമിച്ചായിരുന്നു. അവരിൽ ആർക്ക് ഒരു പ്രശ്നം വന്നാലും അത് ഒന്നിച്ച് നിന്ന് പരിഹരിക്കും. ഒരു മനസ്സായി ഒന്നിച്ച് എന്തിനും കൂടെ നിൽക്കും. ഒരാൾക്ക് ഒരു പ്രശ്നം വന്നാൽ അത് എല്ലാവരുടെയും പ്രശ്നമായി കാണും. സ്നേഹിക്കാൻ മാത്രം അറിയുന്ന ആ നല്ലകൂട്ടുകാർ. അവരുടെ ശരീരം വേറെയാണെങ്കിലും അവരുടെ മനസ്സ് എപ്പോഴും ഒന്നുതന്നെയാണ്. ആ സൗഹൃദബന്ധം ഇനിയും നിലനിൽക്കട്ടെ ".



22 കാവ്യ .ആർ -എട്ട്(എ)

# ഡിജിറ്റൽ മാഗസിൻ നിർമാണം













*ലേഖനം*


# ജീവിതദർശനം

## ദേവിക.വി.പിള്ള[23]



സമ്പത്ത്, വിദ്യാഭ്യാസം, സ്ഥാനമാനം, ആരോഗ്യം ആദിയായവ എല്ലാവർക്കും ഒരുപോലെയല്ല ലഭ്യമായിരിക്കുന്നത്. ഇവയെല്ലാം ലഭ്യമായാൽത്തന്നെ സന്തോഷം ലഭിക്കണമെന്നില്ല. എല്ലാവർക്കും അനുഭവിക്കാവുന്ന മഹാസന്തോഷമാണ് ഇവിടെ വിഷയം. രോഗത്തിലൂടെയും വേദനയിലൂടെയും മറ്റും കടന്നുപോകുമ്പോൾ ദൈവം നമ്മിലൂടെ നിവർത്തിച്ചെടുക്കുന്ന അതുല്യമായ കാര്യങ്ങളാണ് സന്തോഷം പ്രധാനം ചെയ്യുന്നത് .

എന്തെല്ലാം നമുക്ക് വന്ന് ഭവിക്കുന്നു, എന്തെല്ലാം നഷ്ടപ്പെടുന്നു, ഭൗതികമായി നാം ഏതിലെല്ലാം പരാജിതരാകുന്നു എന്നിവയെക്കാൾ പ്രാധാന്യമർഹിക്കുന്നത് ഓരോ സാഹചര്യത്തിലും നിറവേറ്റികൊണ്ടിരിക്കുന്നു എന്ന് ഗ്രഹിക്കുന്നതാണ്. ലോകത്തിലെ കാര്യങ്ങൾക്ക് തരുവാനോ എടുത്തുകളയുവാനോ കഴിയാത്തതായ സന്തോഷമാണ് ദൈവം നമ്മുക്കായി ഒരുക്കിയിട്ടുള്ളത് . തന്റെ കൃപയാൽ സൗജന്യമായി ഈ സന്തോഷം പകർന്നു തരുന്നു. ജീവിതയാത്രയിൽ ഉടനീളം അതുകൊണ്ട് സന്തോഷിക്കാൻ കഴിയും.



23 ലിറ്റിൽ കൈറ്റ്സ് അംഗമായ ദേവിക ഒൻപത് (എ) യിൽ പഠിക്കുന്നു.

# അഭിനന്ദനങ്ങൾ




റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കാൻ തെരഞ്ഞെടുക്കപ്പെട്ട എൻ.സി.സി.കേഡറ്റ് .

**മേഘനാഥ്** .പത്ത് (ബി)

# പ്രളയം 2018



*സ്കൂളും പരിസരവും പ്രളയകാലത്ത്*



കുട്ടനാടിനോളം വരില്ലെങ്കിലും പള്ളിപ്പാടും പ്രളയക്കെടുതിയിൽ പെട്ടു.

നാടും വീടും ഉപേക്ഷിച്ച് ഞങ്ങളും ബന്ധുവീടുകളിൽ അഭയം തേടി.



രക്ഷാപ്രവർത്തനങ്ങൾ നടത്തിയ നമ്മുടെ പൂർവ്വ വിദ്യാർത്ഥികളെ എത്ര അനുമോദിച്ചാലും മതിയാവില്ല.

# അതിജീവനം



ദിവസങ്ങൾക്ക ശേഷം തിരിച്ചെത്തിയപ്പോൾ മാലിന്യമായിരുന്നു ഏറ്റവും വലിയ പ്രശ്നം. എന്നാൽ നാട്ടുകാരും മറ്റ് സ്കൂളുകളിലെ ജീവനക്കാരും ചേർന്നു നടത്തിയ മഹാശുചീകരണത്തിലൂടെ പ്രളയക്കെടുതിയെ നാം അതിജീവിച്ചു.



ശുദ്ധീകരിച്ച കിണറ്റുവെള്ളം ഉപയോഗിച്ച് പാചകം നടത്തി, എല്ലാം ഭദ്രമെന്നുറപ്പാക്കി.






# പദശേഖരം

## പദശേഖരം

അൽഷിമേഴ്സ്........................................................................................................ ......... 36
അതിജീവനം.............................................................................................................................52
ജീവപ്രദായിനി..........................................................................................................................8
നാസ്തികനാ.............................................................................................................................13
സ്ത്രീപക്ഷരചന..........................................................................................................................6
സ്മൃതിനാശം...........................................................................................................................36



ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ

പഠനപ്രവർത്തനങ്ങളുടെ ഭാഗമായി

**പ്രകൃതിസ്പർശം**

എന്ന ഡിജിറ്റൽ മാഗസിൻ

സാക്ഷാത്കരിക്കാൻ ഞങ്ങളെ അനുഗ്രഹിച്ച

അധ്യാപകർക്കും പ്രിയ സഹപാഠികൾക്കും

ഞങ്ങളുടെ കൂപ്പുകൈ.

***ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്***

*നടുവട്ടം വി.എച്ച്.എസ്സ്.എസ്സ്*

***നടുവട്ടം പി .ഒ ,പള്ളിപ്പാട്.***

